ധൂർത്ത് (ലൂക്കാ. 15,11–35)

ഡീ. അജോ രാമച്ചനാട്ട്

അല്പസ്വല്പം ധൂർത്തൊക്കെയില്ലാത്ത ആരുണ്ടു നമ്മുടെ നാട്ടിൽ? കുറച്ച് പണം കയ്യിലുണ്ടെങ്കിൽ നല്ല ഭക്ഷണം കഴിക്കാനും, വസ്ത്രങ്ങൾ മാറിമാറിയണിയാനും, സൗകര്യങ്ങൾക്ക് പുറകെ പായാനും, പറ്റുമെങ്കിൽ ഇത്തിരി മദ്യസേവ നടത്താനും തോന്നാത്ത മനുഷ്യരാരാണുള്ളത്? ഇന്നത്തെ സുവിശേഷം പങ്കുവെയ്ക്കുന്നതും മറ്റൊന്നുമല്ല, ധൂർത്തുകളുടെ കഥ- ഒരു മകന്റെയും അവന്റെ അപ്പന്റെയും.

ധൂർത്തനായ മകൻ

കാര്യമായ ഉത്തരവാദിത്വങ്ങളൊന്നുമില്ലാതെ വെറുതെ നടന്ന് ജീവിതം ആസ്വാദിക്കുന്നതിനിടയിലാണ് തന്റേകൂടി അവകാശമായ സ്വത്തിനെക്കുറിച്ച് ഇളയമകൻ ചിന്തിച്ചത്. കണക്കില്ലാത്ത സ്വത്ത് കൈയിലേക്കു വന്നപ്പോൾ സന്തോഷം കൊണ്ട് അയാൾക്ക് ലഹരിപിടിച്ചു. ഇനി സ്വതന്ത്രനാണ് താനെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു. ഇനിയിപ്പോൾ അപ്പന്റെ തണലില്ലെങ്കിലും ജീവിക്കാം. മാത്രമല്ല, നാട്ടിൽ നിന്നാൽ തന്റെ സ്വതന്ത്രജീവിതത്തിന് അതൊരു തടസമായേക്കും. അയാൾ ദൂരദേശത്തേയ്ക്ക് യാത്രയായി.

ദൂരം 'അപ്പന്റെ ലോക'ത്തിൽ നിന്ന് 'എന്റെ ലോക'ത്തിലേയ്ക്കുള്ള ദൂരമായിരുന്നു. ഇനിമുതൽ ജീവിതത്തിന്റെ അച്ചുതണ്ട് അപ്പനും അപ്പന്റെ ഇഷ്ടങ്ങളുമല്ല; 'ഞാൻ' മാത്രമാണ്. എന്റെ സ്വന്തം ലോകത്തിൽ ആരെ പേടിക്കണം ഞാൻ? എനിക്ക് എന്തും ആകാം.

ഒരു യഹൂദൻ ചിന്തിക്കാൻ പോലുമറയ്ക്കുന്ന നീചമായ അവസ്ഥയിലേക്കാണ് ഈശോ പറയുന്ന കഥയിലെ മകൻ അധഃപതിച്ചത്. സ്വന്തം അസ്തിത്വം മറക്കുന്നവന്റെ ജീവിതത്തിലെ അനിവാര്യമായ ദുരന്തമാണത്. ഒടുവിൽ തിരിച്ചറിവ് - "ഞാൻ എന്റെ അപ്പന്റെ പ്രിയമകനാണ്".

ധൂർത്തനായ അപ്പൻ

എന്തായിരുന്നു, അപ്പന് ധൂർത്തടിക്കാനുണ്ടായിരുന്നത്? പണവും പറമ്പും ഒന്നുമല്ല, മറിച്ച് അയാളുടെ ഹൃദയത്തിലുണ്ടായിരുന്ന സ്നേഹം.

പണ്ടൊക്കെ ഹൈറേഞ്ചിലെ വീടുകളിൽ ആഘോഷങ്ങൾ വിരളമായിരുന്നു. വല്ലപ്പോഴുമെത്തുന്ന ആഘോഷാവസരങ്ങൾക്കാവട്ടെ ഉത്സവപ്രതീതിയും. ഒത്തിരിനാൾക്കൂടി പുത്തൻ വസ്ത്രങ്ങൾ ധരിക്കുന്നതും ആഭരണങ്ങൾ അണിയുന്നതും ഇറച്ചിക്കറി കൂട്ടി ഭക്ഷണം കഴിക്കുന്നതുമൊക്കെ അന്നാണ്. കഥയിലെ അപ്പൻ മകന്റെ തിരിച്ചുവരവ് ഒരു ആഘോഷമാക്കി മാറ്റുകയാണ്. പുതുവസ്ത്രങ്ങൾ, വില കൂടിയ ചെരിപ്പ്, മോതിരം, കാളയിറച്ചികൂട്ടി സദ്യ... കണ്ടമാത്രയിൽ ഓടിച്ചെന്ന് ആശ്ലേഷിച്ച അപ്പന്റെ സ്നേഹം പിന്നെയും അണപൊട്ടിയൊഴുകി. മാത്രമല്ല, ഇതെല്ലാം കണ്ട് ദേഷ്യപ്പെടുന്ന മൂത്തമകന്റെ ഇത്തിരി കടന്ന ആക്രോശങ്ങളെപ്പോലും ഇളയവനോടുള്ള സ്നേഹത്തെപ്രതി അയാൾ കേട്ടില്ലായെന്ന് നടിക്കുകയാണ്.

ഞാനെവിടെ?

ഒരുവശത്ത് സമ്പത്തിനും സുഖഭോഗത്തിനും മദ്ധ്യേ പിതൃ(ദൈവ) വിചാരമില്ലാത്ത മകൻ. അവന് 'എന്റെ ലോകം' മാത്രം – ബാധ്യതകളില്ല, ഉത്തരവാദിത്വമില്ല. മറുവശത്ത് സ്നേഹിക്കാൻ മാത്രം അറിയാവുന്ന അപ്പൻ. മക്കളുടെ കുറവുകളോ, അവർ തനിക്ക് സമ്മാനിച്ച വേദനകളോ ഒന്നും അയാൾക്കൊരു പ്രശ്നമേയാകുന്നില്ല.

ക്രിസ്തുവചനങ്ങൾ ഓർമ്മിക്കാം: "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമത്രേ''. ദൈവസാന്നിദ്ധ്യത്തിന്റെ, ജീവന്റെ സമൃദ്ധിയാവട്ടെ ക്രിസ്ത്യാനിയുടെ ജീവിത പ്രമാണം. അതൊഴുക്കേണ്ടത് അപരന്റെ ഹൃദയത്തിലേയ്ക്കും.